ഗുണനിലവാരമില്ലാത്തതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്പനിയെയും കരിമ്പട്ടികയിൽ പെടുത്തിയിട്ടില്ല. എന്നാൽ ദർഘാസ് വ്യവസ്ഥ പാലിക്കാത്തതിനാൽ നിലവിൽ നാലുമൂന്ന് കമ്പനികളെ കോർപ്പറേഷൻ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. (Annexure-III) ക്രിമിനൽ നടപടി സ്വീകരിക്കേണ്ടതു് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ ആണ്. ഒരു രോഗിക്കും ഇന്നുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

21 (*81) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. ഹംസ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ദ്വിതീയ ആരോഗ്യ പരിപാലന മേഖല ശക്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും താലൂക്കാശുപത്രികളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിലുള്ള സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുന്നത് ബഹുജനാരോഗ്യരംഗത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രാഥമിക തലത്തിലെ സർക്കാർ ആശുപത്രികളിൽ രോഗനിർണ്ണയ പരിശോധനാ സൗകര്യം ഇല്ലാത്തതിനാൽ രോഗികൾ സ്വകാര്യ ആശുപത്രികളെയും പരിശോധനാ സ്ഥാപനങ്ങളേയും ആശ്രയിക്കാൻ നിർബന്ധിതരാകുന്നു എന്ന ആക്ഷേപം നിലയിരുത്തിയിട്ടുണ്ടോ;

(ഇ) നിരവധി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ ഇല്ലെന്നും മരുന്നുകൾ ലഭ്യമല്ലെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് പരിഹാര നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) പരാജയപ്പെട്ടിട്ടില്ല. കേരളത്തിലെ മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക-പാരിസ്ഥിതിക പശ്ചാത്തലത്തിൽ ആരോഗ്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കപ്പെടേണ്ടതുണ്ടെന്ന തിരിച്ചറിവോടെ വിവിധ പ്രവർത്തന പരിപാടികൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും താലൂക്കാശുപത്രികളിലെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്ലാൻ ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട്, നബാർഡ് ഫണ്ട്, എൻ.എച്ച്.എം. ഫണ്ട് എന്നിവ ഉപയോഗിച്ച് വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഈ വിഭാഗത്തിൽപ്പെട്ട ആശുപത്രികളിലേക്ക് ആവശ്യമായ ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻവഴി പ്രധാനപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് Semi Auto Analyser, Binocular Microscope, Calorie Meter, Centrifuge, Hot air oven, Micropipette, Water bath മുതലായ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. അടിസ്ഥാന ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾക്കു പുറമെ എക്സ്-റേ മെഷീൻ പതിനൊന്ന് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും 21 താലൂക്ക് ആശുപത്രികളിലും സ്ഥാപിച്ചിട്ടുണ്ട്. പത്ത് താലൂക്കാശുപത്രികളിൽ ആധുനികമായ കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ വിലകൂടിയ മെഷീനുകളായ അൾട്രാ സൗണ്ട് സ്കാനർ ഇരുപത് താലൂക്കാശുപത്രികളിലും Fully Automated Bio Chemistry Analyser പതിനഞ്ച് താലൂക്കാശുപത്രികളിലും സ്ഥാപിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബുകൾ ആരംഭിക്കുന്നതിന് എൻ.എച്ച്.എം.-ഉം എൽ.എസ്.ജി.ഐ. (തദ്ദേശസ്വയംഭരണ സ്ഥാപനം)-യും ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പി.എച്ച്.സി.-കളിൽ ലഭ്യമല്ലാത്ത പരിശോധനാ സൗകര്യങ്ങൾ സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി, ജില്ലാ/ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ലഭ്യമാണ്.

(ഇ) ചില ജില്ലകളിൽ പി.എസ്.സി. വഴിയുള്ള ഡോക്ടർമാരുടെ സ്ഥിര നിയമനത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ

LIBRARY ARCHIVES Kerala Legislative Assembly

നികത്തുന്നതിനും ഡോക്ടർമാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അഡ്ഹോക് വ്യവസ്ഥയിലും എൻ.എച്ച്.എം. വഴിയും ഡോക്ടർമാരെ താത്കാലികമായി നിയമിച്ച് സേവനം ലഭ്യമാക്കുന്നുണ്ട്. അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിദിന ഒ.പി. ഇരുന്നൂറിൽ കൂടുതലുള്ളതും ഒരു ഡോക്ടർ തസ്തിക മാത്രമുള്ളതുമായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ മരുന്നുകളുടെ ലഭ്യത ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തുന്ന അവലോകന യോഗങ്ങളിൽ വിശദമായി പരിശോധിച്ചിട്ടുണ്ട്.

നഴ്സിംഗ് റിക്രൂട്ട്മെന്റ്

22 (*82) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബാബു എം. പാറയിൽ :
ശ്രീമതി കെ. കെ. രമ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ റിക്രൂട്ട്മെന്റ് സഹകരണമൊരുക്കാതെ നഴ്സിംഗ് റിക്രൂട്ട്മെന്റ്, എംബസി വഴിയാക്കിയത് സംസ്ഥാനത്തെ നഴ്സുമാരെ ഗുരുതരമായ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ത്യയിൽ നിന്നുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റ് നടപടികൾ സുതാർമ്മമായതോടെ തൊഴിൽദാതാക്കൾ മറ്റ് രാജ്യങ്ങളിൽ നിന്ന് റിക്രൂട്ട്മെന്റ് നടത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റിക്രൂട്ട്മെന്റ് സംവിധാനം ലളിതവൽക്കരിക്കാനും കാര്യക്ഷമമാക്കാനും തൊഴിൽ വകുപ്പ് ഇടപെടൽ നടത്തുമോ;

(ഡി) വിദേശ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് പരിമിതപ്പെടുത്തുകാരണം സംസ്ഥാനത്തും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും നഴ്സുമാരുടെ ശമ്പളം കുറച്ച് അവരെ ചൂഷണത്തിനുവിധേയമാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഴ്സുമാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ എന്തു നടപടി സ്വീകരിച്ചെന്ന് അറിയിക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഇല്ല. നഴ്സിംഗ് റിക്രൂട്ട്മെന്റ് എംബസി വഴിയാക്കിയിട്ടില്ല.

(ബി) തൊഴിൽ ദാതാക്കൾ മറ്റ് രാജ്യങ്ങളിൽനിന്ന് ഈ സംവിധാനം വരുന്നതിനുമുമ്പും റിക്രൂട്ട്മെന്റുകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly